(ബി) എങ്കിൽ ഏത് ഏജൻസി വഴിയാണ് പഠനം നടത്തിയത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ പാൽവില നിശ്ചയിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) ഉണ്ട്. 5-5-2010-ലെ ജി.ഒ.(എം.എസ്.) 118/2010/കൃഷി നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. പി. കെ. മൊഹന്തി അദ്ധ്യക്ഷനായി സർക്കാർ നിശ്ചയിച്ച സമിതി പഠനം നടത്തി ഒരു ലിറ്റർ പാലിന്റെ ഉൽപ്പാദനചെലവ് 20.06 രൂപയായി കണ്ടെത്തി. പ്രസ്തുത സമിതി ക്ഷീരകർഷകരുമായും ഈ മേഖലയിലെ വിദഗ്ധരുമായും മിൽമയുടെ പ്രതിനിധികളുമായും ചർച്ച നടത്തിയിരുന്നു.

പാൽ വില വർദ്ധിപ്പിച്ചതിൽ വന്ന വരുമാന വർദ്ധനവ്

94 (4445) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാൽവില വർദ്ധിപ്പിച്ചതിൽ സർക്കാരിനുണ്ടാവുന്ന വരുമാന വർദ്ധനവ് എത്രയെന്ന് അറിയിക്കുമോ ;

(ബി) സർക്കാരിന് വരുമാന വർദ്ധനവ് ലഭിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വർദ്ധനവ് ഏതെല്ലാം വിഭാഗത്തിനാണ് ലഭിച്ചത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ & ബി) സർക്കാരിന് വരുമാന വർദ്ധനവൊന്നുമില്ല. കൂടാതെ, മിൽമ ഒരു സർക്കാർ സ്ഥാപനമല്ല. മിൽമയ്ക്ക് മാർജിൻ ഒന്നും നൽകാതെ, 2.76 രൂപ (92 ശതമാനം) കർഷകനും, 0.12രൂപ (4 ശതമാനം) വീതം പ്രാഥമിക ക്ഷീരസംഘത്തിനും വിൽപ്പന ഏജന്റുമാർക്കും ലഭ്യമാകുന്ന വിധത്തിലാണ് പാൽവില ലിറ്ററിന് 3 രൂപ വർദ്ധിപ്പിച്ചിട്ടുള്ളത്.

ഫാമുകളിലെ പാൽ ഉൽപ്പാദനം

95 (4446) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള വിവിധ ഫാമുകളിൽ പ്രതിദിനം എത്ര ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിലെ ആകെ പാൽ ഉൽപ്പാദനം എത്രയാണെന്നും ഇതിൽ മിൽമ സംഭരിക്കുന്നത് എത്രയാണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉൽപ്പാദിപ്പിക്കുന്ന പാലും മിൽമ കൈകാര്യം ചെയ്യുന്ന പാലും തമ്മിലുള്ള അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നാല് കന്നുകാലി ഫാമുകളിലായി പ്രതിദിനം 1720 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നു.

(ബി) സംസ്ഥാനത്തെ പാൽ ഉൽപ്പാദനം ശരാശരി 71 ലക്ഷം ലിറ്ററാണ്. മിൽമയുടെ സംഭരണം പ്രതിദിനം 7.50 ലക്ഷം ലിറ്ററാണ്. ഫ്ളഷ് സീസണിൽ 10 ലക്ഷം ലിറ്റർ വരെ പാൽ സംഭരിക്കാറുണ്ട്.

(സി) ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ 10 ശതമാനം മുതൽ 14 ശതമാനം പാലാണ് മിൽമ കൈകാര്യം ചെയ്യുന്നത്.

ക്ഷീരകർഷക ക്ഷേമനിധി

96 (4447) ശ്രീ. സി. കെ. പി. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര ക്ഷീരകർഷകർ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ;

(ബി) സംഘങ്ങൾ പാൽ സംഭരിക്കാത്ത കർഷകർക്ക് നിലവിൽ ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിന് വ്യവസ്ഥയുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇത്തരം കർഷകർക്ക് പ്രത്യേകം വിഹിതം നിശ്ചയിച്ചുകൊണ്ട് ക്ഷേമനിധിയിൽ അംഗത്വം നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 14 ലക്ഷം ക്ഷീരകർഷകരുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 1,89,604 ക്ഷീരകർഷകരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്.

(ബി) സംഘങ്ങൾ പാൽ സംഭരിക്കാത്ത കർഷകർക്ക് ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിന് കേരള ക്ഷീരകർഷക ക്ഷേമനിധി നിയമത്തിൽ നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) സംഘങ്ങൾ പാൽ സംഭരിക്കാത്ത ക്ഷീരകർഷകരെയും, പരമാവധി സംഘങ്ങളിൽ പാൽ വിപണനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തി അതുവഴി ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly